**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6426** **20-03-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ശല്യം നിയന്ത്രിക്കാനുള്ള കേന്ദ്രഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ശല്യം നിയന്ത്രിയ്ക്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ട് മുഴുവനായും ചെലവാക്കാൻ കഴിയാത്ത സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രധാനമായും പ്രോജക്ട് എലിഫൻറ്, ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ എന്നീ സ്കീമുകളിലാണ് കേന്ദ്ര വിഹിതം അനുവദിക്കുന്നത്. മേൽ സ്കീമുകൾ ഉൾപ്പെടെ പ്രധാനപ്പെട്ട എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും കേന്ദ്ര വിഹിതം 95% ന് മുകളിൽ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | 2010 മുതൽ ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവാക്കാനാകാത്ത ആകെ തുക എത്രയാണെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 2011-2012 മുതൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയിൽ പ്രോജക്ട് എലിഫന്റ് സ്കീമിൽ 63.28 ലക്ഷം രൂപയും ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ സ്കീമിൽ 345.57 ലക്ഷം രൂപയും ചിലവാക്കാൻ കഴിഞ്ഞില്ല. |
| (സി) | പ്രസ്തുത കാലയളവിൽ ഏതൊക്കെ വർഷങ്ങളിൽ അനുവദിക്കപ്പെട്ട തുകയാണ് ഇപ്രകാരം ചെലവാക്കാനാകാത്തതെന്നും ഓരോ വർഷവും അനുവദിച്ച തുകയും ചെലവാക്കാതെ ബാക്കിയായ തുകയും എത്ര വീതമാണെന്നും അറിയിക്കുമോ; | (സി) | പ്രസ്തുത കാലയളവിൽ പ്രോജക്ട് എലിഫന്റ്, ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ എന്നീ സ്കീമുകളിൽ ഓരോ വർഷവും അനുവദിച്ച തുകയും ചെലവാക്കാതെ ബാക്കിയായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഈ തുകകൾ ചെലവാക്കാനാകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ഡി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് എലിഫന്റ് സ്കീമിൽ ആകെ കേന്ദ്ര വിഹിതം അനുവദിച്ചതിൽ 95 % ന് മുകളിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് -പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ സ്കീമിൽ വാർഷിക പദ്ധതി രൂപരേഖ |

| | | | |
|---|---|---|---|
| | | | അംഗീകരിച്ച് കേന്ദ്ര വിഹിതത്തിന്റെ ആദ്യഗഡു ലഭിക്കുന്നത് ആ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ്. ആയതിനാൽ അംഗീകരിച്ച പ്രവർത്തികൾ പൂർത്തിയാക്കി സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപ് മുഴുവൻ തുകയും വിനിയോഗിക്കുവാൻ സാധിച്ചിരുന്നില്ല. കൂടാതെ 2022-23 ന് മുൻപുള്ള സാമ്പത്തിക വർഷങ്ങളിൽ ഈ സ്കീമിൽ ബഡ്ജറ്റ് വിഹിതമായി പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. |
| (ഇ) | വന്യമൃഗ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും ഫലപ്രദമായും സംസ്ഥാനത്ത് ചെലവഴിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കുമോ? | (ഇ) | വന്യമൃഗ ആക്രമണങ്ങൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും ഫലപ്രദമായും സംസ്ഥാനത്ത് ചെലവഴിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സൗരോർജ്ജവേലികൾ, ആനക്കിടങ്ങുകൾ, ആന പ്രതിരോധമതിലുകൾ എന്നിവയുടെ നിർമ്മാണം, റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ വിവിധ നൂതന പദ്ധതികൾ എന്നിവ കൃത്യമായ ആസൂത്രണത്തോടെ സമയബന്ധിതമായി ചെയ്തു വരുന്നു. കൂടാതെ വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ കൂടുതൽ വാച്ചർമാരെ നിയോഗിക്കുന്നതടക്കമുള്ള വിവിധങ്ങളായ പ്രവർത്തികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(തുക ലക്ഷത്തിൽ)

| വർഷം | പദ്ധതി | | | |
|---|---|---|---|---|
| | പ്രോജക്ട് എലിഫന്റ്, | | ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ്ലൈഫ് ഹാബിറ്റാറ്റ് - പ്രൊട്ടക്ഷൻ ഓഫ് വൈൽഡ്ലൈഫ് ഔട്ട്സൈഡ് പ്രൊട്ടക്ടഡ് ഏരിയ | |
| | അനുവദിച്ച തുക | ചെലവാക്കാതെ ബാക്കിയായ തുക | അനുവദിച്ച തുക | ചെലവാക്കാതെ ബാക്കിയായ തുക |
| 2011–12 | 70.40 | 4.63 | 0.00 | 0.00 |
| 2012–13 | 109.38 | 11.54 | 0.00 | 0.00 |
| 2013–14 | 115.57 | 3.07 | 0.00 | 0.00 |
| 2014–15 | 91.50 | 2.33 | 0.00 | 0.00 |
| 2015–16 | 48.00 | 1.20 | 147.00 | 0.00 |
| 2016–17 | 146.59 | 0.49 | 130.21 | 0.01 |
| 2017–18 | 165.00 | 0.00 | 205.92 | 51.05 |
| 2018–19 | 177.60 | 24.32 | 521.32 | 192.95 |
| 2019–20 | 183.90 | 0.00 | 0.00 | 0.00 |
| 2020–21 | 148.34 | 0.00 | 463.06 | 0.00 |
| 2021–22 | 166.62 | 0.00 | 90.96 | 90.96 |
| 2022–23 | 76.96 | 15.70 | 91.31 | 10.60 |
| ആകെ | 1499.86 | 63.28 | 1649.78 | 345.57 |